## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ- ജീവനക്കാര്യം- മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2026- പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ അന്തിമ പട്ടികയിന്മേൽ ഡോ.ബിനോയ്.വി ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) 878/2026 നമ്പർ കേസുമായി ബന്ധപ്പെട്ട ജീവനക്കാരെ വിടുതൽ ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- 1.ഉത്തരവ് നം. ഇ.ബി 4-9484/2026/ആവഡ തീയതി 01/7/2026

2.ഉത്തരവ് നം. ഇ.ബി 4-9484/2026/ആവഡ തീയതി 09/7/2026

3.Interim Order dated 03/7/2026 in OA (EKM) No. 878/2026 of Hon'ble Kerala Administrative Tribunal, Ernakulam

4. ഉത്തരവ് നം. ഇ.ബി 4-15252/2026/ആവഡ തീയതി 26/7/2026

**ഉത്തരവ് നം:** ഇ.ബി4- 9484/2026/ആ.വ.ഡ **തീയതി:** 13-08-2026

---

ആരോഗ്യവകുപ്പിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ 2026-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള അന്തിമ സ്ഥലംമാറ്റ പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കരട് സ്ഥലംമാറ്റ പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതിയതായി ചേർക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഓഫീസർക്ക് നിശ്ചിത പരിധിക്കുള്ളിൽ ഹർജി നൽകുന്നതിന് സമയം അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം അപ്പീൽ ഹർജി പരിഗണിച്ച് പരിഷ്കരിച്ച അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. എന്നാൽ 2026-ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നിലനിൽക്കുന്നതിനാൽ പ്രസ്തുത കേസുമായി ബന്ധപ്പെട്ട പൊതുസ്ഥലംമാറ്റ പട്ടികയിലെ ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരെ

വിടുതൽ ചെയ്യുവാൻ നിർദേശിച്ചിരുന്നു.

പരാമർശം (3) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പരാമർശം (4) പ്രകാരം അനുപാലനം ചെയ്യപ്പെട്ടതിനാൽ പരാമർശം (1) ഉത്തരവിലെ ക്രമ നം 26,32,34,36 ആയി ഉൾപ്പെട്ട ജീവനക്കാർക്ക് പരാമർശം (1) പ്രകാരം അനുവദിച്ച സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

വിടുതൽ/പ്രവേശന വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ് .

പരാമർശം (1) (2) പ്രകാരമുള്ള 2026-ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് -മാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അന്തിമ പട്ടിക മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ആരോഗ്യ വകുപ്പ് മേധാവിയുടെ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

Digitally signed by
Meenakshy V
Date: 13-08-2026
16:37:17

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ബന്ധപ്പെട്ട  മെഡിക്കൽ ഓഫീസർമാർ

പകർപ്പ്:-

1.അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
2.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
3.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്